# KCBC WOMEN'S COMMISSION

Pastoral Orientation Centre (P O C)

Palarivattom, Tel: 0484 2805722, 2805815


CHAIRMAN

**Mar Peter Kochupurakkal**
Bishop of Palakkad

VICE CHAIRMAN

**Most.Rev. Dr Thomas J Netto**

**Thomas Mar Eusebius**

EXECUTIVE SECRETARY

**Jane Ancil Francis**
Deepayan
Vallikeezhu
Kollam-691003
Mob:9447254 I78
email: janeancil@gmail.com

JOINT SECRETARY

**Sheeja Abraham**
Mob.9446 I I3545

TREASURER

**Anie Joseph**
Mob:9447233939

SPIRITUAL DIRECTOR

**Rev. Fr. Biju Kallungal**
Diocese of Palakkad
Mob: 9447828584


Date 08.11.2024

**വഖഫ് ബോർഡ് അന്യായമായ അവകാശവാദം ഉപേക്ഷിക്കണം – കെസിബിസി വിമൺ കമ്മീഷൻ**

കൊച്ചി : കേരളത്തിലെ വഖഫ് ബോർഡ് മുന്നോട്ടുവെച്ചിട്ടുള്ള അന്യായമായ അവകാശവാദം ഉപേക്ഷിക്കണമെന്ന് കെസിബിസി വിമൺ കമ്മീഷൻ സംസ്ഥാനസമിതി ആവശ്യപ്പെട്ടു. മുനമ്പത്തെ ജനങ്ങളെ വഴിയാധാരമാക്കുന്ന പൊള്ളയായ അവകാശവാദമാണ് ഇവർ ഉന്നയിക്കുന്നത്.

വഖഫ് എന്ന പദത്തിന്റെ അർത്ഥം ഒരു ഇസ്ലാം മതവിശ്വാസി പൂർണ്ണമായി ദൈവപ്രീതിക്കായി തന്റെ സ്വത്തുവകകൾ സമർപ്പിക്കുന്നതിനെയാണ്. എന്നാൽ തങ്ങളുടെ സമ്പാദ്യം കൊടുത്ത് കാലങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കൾ, വഖഫിന്റെതാണെന്ന കള്ളപ്രചരണത്തിലൂടെ തട്ടിയെടുക്കാൻ കിണഞ്ഞു ശ്രമിക്കുകയാണ് ഒരുകൂട്ടം സാമൂഹ്യവിരുദ്ധർ.

മുനമ്പം പ്രദേശത്തെ തീരദേശവാസികളായ 610 കുടുംബങ്ങളുടെ വസ്തുക്കൾ വഖഫിന്റെതാണെന്ന അന്യായമായ അവകാശവാദങ്ങൾ പൊള്ളയാണെന്നും ഫാറൂഖ് കോളേജ് ഈ ഭൂമി വിറ്റവകയിൽ 33 ലക്ഷം രൂപ കൈപ്പറ്റുകയും ഈ തുക കോളേജിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തു എന്നത് തെളിവുണ്ടായിരിക്കെ വീണ്ടും ഈ ഭൂമിയിൽ അവകാശമുന്നയിക്കുന്നത് തികച്ചും അപലപനീയമാണെന്ന വിമൺ കമ്മീഷൻ പ്രസ്താവിച്ചു. അതിനാൽ എത്രയും പെട്ടെന്ന് സർക്കാർ ഈ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം കണ്ടെത്തണമെന്ന് കെസിബിസി വിമൺ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ജയിൻ ആൻസിൽ ഫ്രാൻസിസിന്റെ നേതൃത്വത്തിൽ കൂടിയ സംസ്ഥാന സമിതി ആവശ്യപ്പെടുന്നു.

**ജയിൻ ആൻസിൽ ഫ്രാൻസിസ്**
**എക്സിക്യൂട്ടീവ് സെക്രട്ടറി, കെസിബിസി വിമൻസ് കമ്മീഷൻ**